LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കിഴക്കേ ചാലക്കുടി വില്ലേജ് ഓഫീസിലെ ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം ഭആപ്തിൻ നഗരം എന്ന പേരിൽ പുറമ്പോക്ക് ഭൂമിയായി പതിഞ്ഞിട്ടുള്ള ടി സ്ഥലത്ത് സർവ്വേ 293/4-ൽപ്പെട്ട 64 സെന്റ്, സർവ്വേ 294-ൽപ്പെട്ട 11 സെന്റും ഉൾപ്പെടെ 75 സെന്റ് ഭൂമിയാണ് പോലീസ് ക്വാർട്ടേഴ്സിനുള്ളത്.

(ബി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് വ്യാജരേഖ ഉണ്ടാക്കിയതിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ വി.എ.6.09.ടി.എസ്.ആർ നമ്പർ കേസ് നിലവിലുണ്ട്.

(സി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടന്നുവരുന്നതിനാൽ ടി ഭൂമി ലാന്റ് ബാങ്കിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.

(ഡി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി)നമ്പർ.23903/07 നമ്പർ കേസ് നിലവിലുണ്ട്. കേസ് തീർപ്പാക്കിയ ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ഡെപ്യൂട്ടി തഹസിൽദാർമാരുടെ ഒഴിവുകൾ

188 (3852) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസീൽദാർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വിരമിക്കൽ തീയതി ഏകീകരണത്തെ തുടർന്ന് 2010 മാർച്ച് 31-ന് ഉണ്ടായ കൂട്ടവിരമിക്കലിൽ ഒഴിവുവന്ന പോസ്റ്റുകളിലേക്കുള്ള നിയമനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ ഒഴിവുകളൊന്നും ഇല്ല.

(ബി) വിരമിക്കൽ ഏകീകരണത്തെത്തുടർന്ന് ഉണ്ടായ ഒഴിവിൽ മുഴുവൻ നിയമനവും നടത്തിയിട്ടുണ്ട്.

തലശ്ശേരി റവന്യൂ റഫറൻസ് ലൈബ്രറിയിലെ ലൈബ്രേറിയൻ നിയമനം

189 (3975) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ പ്രവർത്തിക്കുന്ന റവന്യൂ റഫറൻസ് ലൈബ്രറിയിൽ സ്റ്റാഫിനെ നിയമിക്കാത്തത് കാരണം ലൈബ്രറി അടഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;